പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 846

08.03.2012-ൽ മറുപടിയ്ക്ക്

## പന്തല്ലൂർ ക്ഷേത്രഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. റ്റി. എ റഹീം | ശ്രീ. വി.എസ്. ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി. |
| (എ) പന്തല്ലൂർ ക്ഷേത്രത്തിന് അവകാശപ്പെട്ട 787 ഏക്കർ ഭൂമി ഇപ്പോൾ ആരുടെ കൈവശമാണുള്ളത്; | (എ) മലപ്പുറം ജില്ലയിലെ പന്തല്ലൂർ വില്ലേജിൽ ഏറനാട് താലൂക്കിൽ പന്തല്ലൂർ ക്ഷേത്രത്തിന് അവകാശപ്പെട്ടതായി റവന്യൂ റിക്കാർഡുകൾ പ്രകാരം 324.56 ഏക്കർ ഭൂമി മാത്രമാണുള്ളത്. ഈ ഭൂമിയുടെ ഇപ്പോഴത്തെ കൈവശക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1) മാനേജർ, ബാലന്നൂർ പ്ലാന്റേഷൻസ്.<br>2) ശ്രീമതി മേരി മാമൻ, തയ്യിൽ എസ്റ്റേറ്റ്.<br>3) ശ്രീമതി സാറാ മാമൻ, തയ്യിൽ എസ്റ്റേറ്റ്.<br>4) ശ്രീമതി ഓമനാ മാമൻ, തയ്യിൽ എസ്റ്റേറ്റ്.<br>5) ശ്രീ. ജേക്കബ് മാത്യു, തയ്യിൽ എസ്റ്റേറ്റ്.<br>6) ശ്രീമതി മീരാ ഫിലിപ്പ്, തയ്യിൽ എസ്റ്റേറ്റ്.<br>7) ശ്രീമതി ശാന്തമ്മാ മാമൻ, തയ്യിൽ എസ്റ്റേറ്റ്.<br>8) ശ്രീമതി അനു മാമൻ, തയ്യിൽ എസ്റ്റേറ്റ്. |
| (ബി) കൈവശക്കാരുമായി മലയാള മനോരമ പ്ലാന്റേഷനുള്ള ബന്ധം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; | (ബി) മുകളിൽ സൂചിപ്പിച്ച കൈവശക്കാർക്ക് മലയാള മനോരമ പ്ലാന്റേഷനുമായുള്ള ബന്ധം സർക്കാർ അന്വേഷിച്ചിട്ടില്ല. |
| (സി) ക്ഷേത്രഭൂമി ക്ഷേത്രത്തിന് തിരിച്ചുനൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) 09/01/2008 -ലെ മലബാർ ദേവസ്വം ബോർഡ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ഭൂമി കൈവശം വച്ചിരിക്കുന്ന കക്ഷികൾക്കെതിരെ 1957 -ലെ കെ.എൽ.സി. ആക്ട് പ്രകാരം സി-ഫാറം നോട്ടീസ് നൽകുകയും അതിനെ തുടർന്ന് അന്യാധീനപ്പെട്ട ഭൂമി ക്ഷേത്രത്തിന് തിരിച്ചുനൽകണമെന്ന് മലപ്പുറം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവാകുകയും ചെയ്തു. എന്നാൽ ഒഴിപ്പിക്കലിനെതിരെ ബാലന്നൂർ പ്ലാന്റേഷൻസ് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഇതിന്മേൽ 6/4/2011 -ലെ കോടതി ഉത്തരവ് പ്രകാരം ആർ.ഡി.ഒ. യുടെ ഉത്തരവിനെതിരെ സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ സർക്കാരിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ആയതിനാൽ ഭൂമി ഒഴിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ